പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2910 — 20/03/2015 -ൽ മറുപടിക്ക്

## കോടക്കൽ സബ് രജിസ്ട്രാർ ഓഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ.ടി.ജലീൽ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോടക്കൽ സബ് രജിസ്ട്രാർ ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമിയും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് സർക്കാർ സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) | സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ ബഡ്ജറ്റ് വിഹിതമായി തുക വകയിരുത്താറുണ്ട്. ടി തുക വിനിയോഗിച്ച്, സ്വന്തമായി ഭൂമി ലഭ്യമായിട്ടുള്ള സബ് രജിസ്ട്രാർ ഓഫീസുകൾക്ക് വിഭവലഭ്യതക്ക് വിധേയമായി, കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിവരുന്നുണ്ട്. സ്വന്തമായി ഭൂമി ലഭ്യമല്ലാത്ത സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിയ്ക്കുന്നതിനുള്ള സഹായം നൽകാൻ നടപടി സ്വീകരിക്കുമോ | സി) | കോടക്കൽ സബ് രജിസ്ട്രാർ ഓഫീസുൾപ്പെടെ സ്വന്തമായി ഭൂമി ലഭ്യമല്ലാത്ത സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.